പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1458

21.03.2012 ൽ മറുപടിയ്ക്ക്

## മഹിളാ കിസ്സാൻ ശാസ്ത്രീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>" ഷാഫി പറമ്പിൽ<br>" എ.പി.അബ്ദുള്ളക്കുട്ടി<br>" എം.പി.വിൻസെന്റ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| എ) മഹിളാ കിസ്സാൻ ശാസ്ത്രീകരണ പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) 2012 ഫെബ്രുവരി 24–ാം തീയതി തൃശൂർ ജില്ലയിലെ കുഴൂർ ഗ്രാമ പഞ്ചായത്തിൽ ബഹു. കേന്ദ്ര ഗ്രാമ വികസന വകുപ്പ് മന്ത്രി ഡോ ജയറാം രമേശ് മഹിളാ കിസ്സാൻ സശാക്തീകരൺ എന്ന പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം നിർവ്വഹിച്ച് പദ്ധതിക്ക് തുടക്കമിട്ടു. എം.കെ.എസ്.പി പ്രകാരം 2 പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. വനിത കർഷകർക്ക് സ്ത്രീ സൗഹൃദപരമായ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും നൂതന ശാസ്ത്രീയ കൃഷിരീതികളിൽ പരിജ്ഞാനവും നൽകി ഉത്പന്ന ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് കുടുംബശ്രീ വഴി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ് ഒന്നാമത്തെ പദ്ധതി. ഇതിന്റെ ആകെ അടങ്കൽ തുക 79.9 കോടി രൂപയാണ്. മലപ്പുറം, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി പ്രസ്തുത ജില്ലകളിലെ വനിതാ കർഷകരുടെ ലേബർ ബാങ്ക് രൂപീകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രണ്ടാമത്തേത്. ഇതിന്റെ അടങ്കൽ തുക 60.62 കോടി രൂപയാണ്. |

ബി) വനിതാ കർഷകരിലൂടെ ഗ്രാമവികസനം നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

ബി) കുടുംബശ്രീവഴി നടപ്പിലാക്കുന്ന പദ്ധതിയിൽ വനിതാ കർഷകരിലൂടെ ഗ്രാമവികസനം നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

- 30,000 വനിതാ കർഷക ഗ്രൂപ്പുകളെ വിവിധ തരത്തിലുള്ള കൃഷി രീതികൾ ചെയ്യുന്നതിന് പ്രാപ്തരാക്കുക.
- 30,000 വനിതാ കർഷക ഗ്രൂപ്പുകളിൽ നിന്നും ഏറ്റവും മികച്ച 10,000 വനിതാ കർഷകരെ (മാസ്റ്റർ കർഷകർ) കണ്ടെത്തി അവർക്ക് കൃഷിയിലുള്ള സാങ്കേതികവും, ശാസ്ത്രീയവുമായ പരിശീലനം നൽകുക.
- കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടുകൂടി സ്ത്രീസൗഹൃദപരമായ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുക.
- വനിതാ കർഷകർക്ക് കൃഷിരീതിയിലും, കാർഷിക മേഖലകളിലും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തുതലത്തിൽ വനിതാ കർഷക സഹായ കേന്ദ്രങ്ങൾ രൂപീകരിക്കുക.
- വിവിധ സ്ഥലങ്ങളിൽ നടക്കുന്ന കൃഷിരീതികൾ പരിചയപ്പെടുന്നതിന് എക്സ്പോഷർ വിസിറ്റുകൾ സംഘടിപ്പിക്കുക.

- കണ്ടെത്തിയ മികച്ച വനിതാ കർഷകർ (മാസ്റ്റർ കർഷകർ) വഴി ഓരോ ഗ്രൂപ്പിലേയും ഈ രണ്ട് പേർ വീതം ആകെ 60,000 സ്ത്രീ കർഷകർക്ക് നൂതന കൃഷിരീതികളിലുള്ള പരിശീലനം നൽകുക.

- സംയോജിതകൃഷിരീതി, പ്രിസിഷൻഫാമിംഗ്, സീറോ ബഡ്ജറ്റ് ഫാമിംഗ് മുതലായ അതിനൂതന കൃഷിരീതികൾ വനിതാ കർഷകർവഴി നടപ്പിലാക്കുക.

എം.കെ.എസ്.പിയുടെ രണ്ടാം പദ്ധതിയായ വനിതാ ലേബർ ബാങ്ക് പ്രോജക്ടിൽ ഗ്രാമവികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലെ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് 30,000 വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് ലേബർ ബാങ്കുകൾ രൂപീകരിക്കുക.

- ഇവർക്ക് സാങ്കേതികവും, ശാസ്ത്രീയവുമായ കൃഷിരീതികളിലും യന്ത്രവത്ക്കരണത്തിലും പരിശീലനം നൽകുകവഴി നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

| | |
|---|---|
| സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; | സി) കുടുംബശ്രീ വഴിയാണ് 79.9 കോടി രൂപ അടങ്കൽ തുകയുള്ള എം.കെ.എസ്.പിയുടെ ഒന്നാം പദ്ധതി നടപ്പിലാക്കുന്നത്. 60.62 കോടി രൂപ അടങ്കൽ തുകയുള്ള രണ്ടാം പദ്ധതി (ലേബർ ബാങ്ക് പ്രോജക്റ്റ്) നടപ്പിലാക്കുന്നത് മലപ്പുറം, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിലെ ജില്ലാ പ ഞ്ചായത്തുകൾ സംയുക്തമായി രൂപീകരിക്കുന്ന COMPT (കോൺഫഡറേഷൻ ഓഫ് ഡിസ്ട്രിക്റ്റ് പഞ്ചായത്ത്സ് മലപ്പുറം, പാലക്കാട് & തൃശ്ശൂർ) മുഖേന യാണ്. പ്രസ്തുത പ്രോജക്റ്റിന്റെ ഫണ്ട് റൂട്ടിംഗ് ഏജൻസി കുടുംബശ്രീ യാണ് |
| ഡി) എത്ര വനിതകൾക്ക് ഈ പദ്ധതി മൂലം പ്രയോജനം ലഭിക്കുമെന്നാണ് കരുതുന്നത് ? | ഡി) കുടുംബശ്രീയുടെ 30,000 ജെ.എൽ.ജി ഗ്രൂപ്പുകളിലൂടെ ആകെ 1,50,000 വനിതാ കർഷകർക്ക് പ്രയോജനം ലഭിക്കുന്നതിനാണ് ഒന്നാം പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും ഇതുവരെ 46,437 ജെ.എൽ.ജി ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 2,48,430 വനിതാ കർഷകർ അംഗങ്ങളായിട്ടുണ്ട്. 30,000 വനിതാ കർഷകർക്ക് പ്രയോജനം ലഭിക്കുന്നതിനാണ് എം.കെ.എസ്.പിയുടെ രണ്ടാം പദ്ധതിയായ വനിതാ ലേബർ ബാങ്ക് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ